LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട്, ഇടുക്കി പാക്കേജുകൾ

125 (T2758) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട്, ഇടുക്കി പാക്കേജുകൾ കേന്ദ്ര സർക്കാർ എന്നാണ് അനുവദിച്ചത് ; ഇതിനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത പാക്കേജുകളുടെ മേൽനോട്ടം വഹിക്കുന്ന പ്രത്യേക ഓഫീസ് നിർത്തലാക്കണമെന്ന് കൃഷിവകുപ്പ് ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) കാർഷിക മേഖലയ്ക്ക് കോടികളുടെ ധനസഹായം ലഭിക്കുന്ന പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് വിശദമായ പദ്ധതി റിപ്പോർട്ടുകൾ സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാക്കേജുകളുടെ മേൽനോട്ടം വഹിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) തണ്ണീർമുക്കം ബണ്ട് നവീകരണം, കട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം എന്നിവയുടെ പുരോഗതി വിലയിരുത്താമോ ?

ഉത്തരം

(എ) കട്ടനാട് പാക്കേജിന് 2008 ജൂലൈ 24-നും ഇടുക്കി പാക്കേജിന് 2008 നവംബർ 20-നുമാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയത്. കട്ടനാട്, ഇടുക്കി പാക്കേജുകൾക്ക് പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള (on going) കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന് മേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നത്. കട്ടനാട്, ഇടുക്കി പാക്കേജു

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

കളുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത പാക്കേജുകളുടെ മേൽനോട്ടം വഹിക്കുന്ന പ്രത്യേക ഓഫീസിൽ നിയോഗിച്ച കൃഷിവകുപ്പ് ഉദ്യോഗസ്ഥരെ തിരികെ വകുപ്പിൽ നിയമിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് കൃഷി ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) 21-9-2008-ലും 25-11-2008-ലും കേന്ദ്ര സർക്കാരിന് വിശദമായ പദ്ധതി റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. ടി ഡി.പി.ആർ. ഡിസംബർ 2008-ൽ കേന്ദ്ര സർക്കാർ നിരസിക്കുകയും ഫെബ്രുവരി 2009-ൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും നവംബർ 2009-ൽ പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കുകയും ചെയ്തിരുന്നു.

(സി) ഉണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 4249/2013/ജി.എ.ഡി. തീയതി 23-5-2013 പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ. എം.സി. മോഹൻദാസ് ഐ.എ.എസ്. കട്ടനാട് ഇടുക്കി പാക്കേജുകളുടെ പ്രോജക്ട് ഡയറക്ടറായി അധിക ചുമതല വഹിച്ചുവരുന്നു. സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ 6339/2014/ജി.എ.ഡി. തീയതി 11-8-2014 പ്രകാരം ശ്രീ. സുബ്രതോ ബിശ്വാസ് ഐ.എ.എസ്.-ന് ഇടുക്കി പാക്കേജിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്.

(ഡി) തണ്ണീർമുക്കം ബണ്ട് നവീകരണം, കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

തെങ്ങുകൃഷി പ്രോത്സാഹനം

126 (2759) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേടായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്ന പദ്ധതിയിലൂടെ എത്ര തെങ്ങുകൾ കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട് ; കേടായ തെങ്ങ് വെട്ടിമാറ്റുന്നതിന് കർഷകർക്ക് നൽകുന്ന തുക എത്രയാണ് ;

(ബി) തെങ്ങുകയറ്റക്കാരുടെ കുറവുമൂലം കർഷകർ തെങ്ങുകൃഷിയിൽനിന്നും പിന്മാറുന്ന സാഹചര്യത്തിൽ തെങ്ങുകയറ്റക്കാരുടെ അഭാവം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly